പതിമൂന്നാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1104 13/06/2013 - ൽ മറുപടിക്ക്

## ഓരോ ഗ്രാമ പഞ്ചായത്തിലും ഓരോ വില്ലേജ്

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. ജോസഫ് വാഴക്കൻ<br>ശ്രീ. വി. റ്റി. ബൽറാം<br>ശ്രീ. പി. എ. മാധവൻ<br>ശ്രീ. ഷാഫി പറമ്പിൽ | ശ്രീ. അടൂർ പ്രകാശ്<br>(ബഹു. റവന്യൂവും കയറും വകുപ്പു മന്ത്രി) |
| (എ) സംസ്ഥാനത്തെ ജനങ്ങളുടെ ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിന് വേണ്ടി ഓരോ ഗ്രാമപഞ്ചായത്തിലും ഓരോ വില്ലേജ് എന്ന പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ; | (എ) ജനങ്ങളുടെ ബുദ്ധിമുട്ട് പരമാവധി കുറയ്ക്കുന്നതിനുവേണ്ടി, സംസ്ഥാനത്ത് ഒരു പഞ്ചായത്തിൽ ഒരു വില്ലേജ് ഓഫീസ് എന്ന നയം നടപ്പാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനത്ത് നിലവിൽ വില്ലേജ് ഓഫീസുകൾ ഇല്ലാത്ത 30 ഗ്രാമ പഞ്ചായത്തുകളിൽ പുതിയ വില്ലേജ് ഓഫീസുകൾ രൂപീകരിച്ച് ഉത്തരവായിട്ടുണ്ട്. പുതുതായി രൂപീകരിക്കുന്ന 30 വില്ലേജ് ഓഫീസുകളെ സംബന്ധിച്ചുള്ള വിശദമായ വിജ്ഞാപനം പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) ഇതിന്റെ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ; | (ബി) ഒന്നിൽ കൂടുതൽ പഞ്ചായത്തുകൾ ഉൾപ്പെടുന്ന വില്ലേജുകളുടെയും പല പഞ്ചായത്തുകളിലായി കിടക്കുന്ന വില്ലേജ് ഓഫീസുകൾ ഒരുമിച്ച് ഒരിടത്ത് പ്രവർത്തിപ്പിക്കുക എന്ന ലക്ഷ്യത്തോടെയാണ് സംസ്ഥാനത്ത് ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന രീതി നടപ്പിലാക്കുന്നത്. |

(സി) **ഏതെല്ലാം ഏജൻസിയാണ് ഇതിനായി സഹകരിക്കുന്നത് എന്ന് വിശദമാക്കാമോ;**

(സി) സർക്കാർ വകുപ്പുകൾ അല്ലാതെ മറ്റ് ഏജൻസികൾ ഇക്കാര്യത്തിൽ സഹ-കരിച്ചു പ്രവർത്തിക്കുന്നില്ല.

(ഡി) **പദ്ധതി നടത്തിപ്പിനായി എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് എന്ന് വിശദമാക്കുമോ?**

(ഡി) ഓരോ ജില്ലയിലും പുതുതായി രൂപീകരിക്കേണ്ടിവരുന്ന വില്ലേജുകളുടെ അതിർത്തി പുനഃനിർണ്ണയിച്ച് റിക്കാർ-ഡുകൾ നിർമ്മിക്കുന്നതിനും അനുബന്ധ തുടർനടപടികൾക്കുമായി ജില്ലാ കളക്ടർ അദ്ധ്യക്ഷനായും, എ.ഡി.എം. ബന്ധപ്പെട്ട ഡെപ്യൂട്ടി കളക്ടർ, ജില്ലാ സർവ്വേ സൂപ്രണ്ട്, ബന്ധപ്പെട്ട തഹസിൽദാർമാർ, ബന്ധപ്പെട്ട വില്ലേജ് ഓഫീസർമാർ, പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ, ബന്ധപ്പെട്ട പഞ്ചായത്ത് സെക്രട്ടറിമാർ എന്നിവർ അംഗങ്ങളായി ഒരു കമ്മിറ്റി രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

ഒരു പഞ്ചായത്തിന് ഒരു വില്ലേജ് എന്ന ആശയം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് ഒരോ ജില്ലയിലും പുതുതായി രൂപീകരിക്കുവാൻ ഉദ്ദേശിക്കുന്ന വില്ലേജി-ന്റെ കരട് വിജ്ഞാപനവും തിരുത്തൽ വിജ്ഞാപനവും തയ്യാറാക്കുവാനുള്ള നടപടികൾ മേൽ പരാമർശിച്ച കമ്മിറ്റിയുടെ നേതൃത്വത്തിൽ ജില്ലാതല-ത്തിൽ ത്വരിതഗതിയിൽ നടന്നുവരുന്നു.

സെക്ഷൻ ഓഫീസർ